# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ *271 — 18/02/2013 - ലെ മറുപടിയ്ക്ക്

## കാലാവസ്ഥ വ്യതിയാനം മൂലമുള്ള കൃഷി നാശത്തിനുള്ള ഇൻഷ്വറൻസ് പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ഐ.സി.ബാലകൃഷ്ണൻ<br>ശ്രീ.എം.എ.വാഹിദ്<br>ശ്രീ.ആർ.സെൽവരാജ്<br>ശ്രീ.എം.പി.വിൻസെന്റ് | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| **(എ)** കാലാവസ്ഥാ മാറ്റത്തിന്റെ ഫലമായി കാർഷിക വിളകൾക്കുണ്ടാകുന്ന നഷ്ടങ്ങൾക്ക് ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ; | **(എ)** ഉദ്ദേശിക്കുന്നുണ്ട്. ഓരോ വിളകൾക്കും അതിന്റെ വളർച്ചയ്ക്കും പരമാവധി ഉത്പാദനം ലഭ്യമാക്കുന്നതിനും അനുകൂലമായ കാലാവസ്ഥാ ഘടകങ്ങളുടെ പരിധി, പരീക്ഷണ നിരീക്ഷണങ്ങളിലൂടെ കണ്ടെത്തിയിട്ടുണ്ട്. കാലാവസ്ഥാ ഘടകങ്ങളുടെ ഈ അനുകൂല പരിധിയിൽ ഉണ്ടാകുന്ന ഏറ്റക്കുറച്ചിലുകൾക്ക് ആനുപാതികമായി ഉത്പാദന നഷ്ടം സംഭവിക്കുന്നു. ഈ നഷ്ടത്തിൻമേലാണ് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നത്. ഓരോ വിളകൾക്കും ഉത്പാദനത്തിൽ നിർണ്ണായക സ്വാധീനം ചെലുത്തുന്ന കാലാവസ്ഥാ ഘടകത്തിന്റെ ഏറ്റക്കുറച്ചിലുകളാണ് മാനദണ്ഡമാക്കുന്നത്. പ്രസ്തുത പദ്ധതികളിൽ ഓരോ വിളയ്ക്കും ഓരോ സീസണിലും പ്രഖ്യാപിത പ്രദേശങ്ങളെ തീരുമാനിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. ദേശീയ വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം ഖാരിഫ് സീസണിൽ നെല്ല്, വാഴ, മരച്ചീനി, ഇഞ്ചി, മഞ്ഞൾ, പൈനാപ്പിൾ എന്നീ വിളകൾക്കും റാബി സീസണിൽ നെല്ല്, വാഴ, മരച്ചീനി എന്നീ വിളകൾക്കും ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നു. മറ്റ് വിളകൾക്കു കൂടി (ആകെ 17) ഇൻഷ്വറൻസ് ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ച് വരുന്നു. |

| | | | |
|---|---|---|---|
| (ബി) | ഏതെല്ലാം ഏജൻസികളാണ് ഈ പദ്ധതിയുമായി സഹകരിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) | അഗ്രിക്കൾച്ചറൽ ഇൻഷ്വറൻസ് കമ്പനി മുഖേന കൃഷി വകുപ്പ് പദ്ധതി നടപ്പിലാക്കുന്നു. കേന്ദ്രകൃഷി മന്ത്രാലയവും സംസ്ഥാന കൃഷി വകുപ്പും പൊതു മേഖലയിലുള്ള അഗ്രിക്കൾച്ചറൽ ഇൻഷ്വറൻസ് കമ്പനി ഓഫ് ഇന്ത്യയും സംയുക്തമായി ഓരോ സീസണിലും (ഖാരിഫ് സീസണിലും റാബി സീസണിലും) പുറപ്പെടുവിക്കുന്ന വിജ്ഞാപനമനുസരിച്ച് പദ്ധതി നടപ്പിലാക്കുന്നു. ഓരോ സീസണിലും ഏതൊക്കെ വിളകൾക്ക് ഏതൊക്കെ ജില്ലകളിൽ ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നു എന്നത് വിശദമാക്കിക്കൊണ്ട് വിജ്ഞാപനം ചെയ്യാറുണ്ട്. |
| (സി) | ഏതെല്ലാം കാർഷിക വിളകൾക്കാണ് ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നത് ; വിശദമാക്കുമോ ; | (സി) | കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം ഖാരിഫ് 2012 സീസണിൽ പാലക്കാട് ജില്ലയിലെ തെരഞ്ഞെടുക്കപ്പെട്ട ബ്ലോക്കുകളിൽ നെൽകൃഷിക്കും, ഇടുക്കി, വയനാട് ജില്ലകളിലെ തെരഞ്ഞെടുക്കപ്പെട്ട ബ്ലോക്കുകളിൽ കുരുമുളകിനുമാണ് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിരിക്കുന്നത്. റാബി 2012 വിളക്കാലത്ത് പാലക്കാട് ജില്ലയിൽ വേനൽക്കാല നെൽക്കൃഷിയ്ക്കും, പാലക്കാട്, കോഴിക്കോട്, കണ്ണൂർ, കാസറഗോഡ്, മലപ്പുറം ജില്ലകളിൽ കശുമാവിനും ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിരിക്കുന്നു. രണ്ട് ഹെക്ടർ വരെ കൃഷി ഭൂമിയുള്ള ചെറുകിട നാമമാത്ര കർഷകരാണ് പദ്ധതിയുടെ ഗുണഭോക്താക്കൾ. പ്രസ്തുത കൃഷിയ്ക്കായി വായ്പ എടുത്തിട്ടുള്ള കർഷകരെ പദ്ധതി പ്രകാരം അതാതു ബാങ്കുകളിൽ നിർബന്ധമായും ചേർത്തിരിക്കേണ്ടതാണ്.ആയതിനാൽ വായ്പ എടുത്തിട്ടുള്ള കർഷകർ പദ്ധതിയിൽ ചേരുന്നതിനായി പ്രത്യേക അപേക്ഷ സമർപ്പിക്കേണ്ടതില്ല. വായ്പ എടുക്കാത്ത കർഷകർ പൂരിപ്പിച്ച അപേക്ഷയും, രൊക്കം പ്രീമിയം തുകയും നിശ്ചിത തീയതിയ്ക്കുള്ളിൽ സഹകരണ സംഘം മുഖേനയോ, അംഗീകൃത ബ്രോക്കർ മുഖേനയോ / നേരിട്ടോ / കൃഷിഭവൻ മുഖേനയോ അഗ്രിക്കൾച്ചർ ഇൻഷ്വറൻസ് കമ്പനിക്ക് അയച്ച് നൽകേണ്ടതാണ്. വിശദ വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | സംസ്ഥാനത്ത് ഈ പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ? | (ഡി) | ഈ പദ്ധതി 2008-09 കാലയളവ് മുതൽ നടപ്പിലാക്കി വരുന്നു. സർക്കാർ ഉത്തരവ് (ആർ.റ്റി)നം.1412/2012/കൃഷി തീയതി 09/07/2012 പ്രകാരം ഖാരിഫ് 2012 വിളക്കാലത്തും സർക്കാർ ഉത്തരവ് (ആർ.റ്റി)നം.2242/2012/കൃഷി തീയതി 17/11/2012 പ്രകാരം റാബി 2012 വിളക്കാലത്തും പദ്ധതി നടപ്പിലാക്കാൻ ഉത്തരവായിട്ടുണ്ട്. ഖാരിഫ് 2012 സീസണിൽ പാലക്കാട് ജില്ലയിലെ തെരഞ്ഞെടുക്കപ്പെട്ട ബ്ലോക്കിൽ നെൽകൃഷിക്കും, ഇടുക്കി, വയനാട് ജില്ലകളിലെ തെരഞ്ഞെടുക്കപ്പെട്ട ബ്ലോക്കിൽ കുരുമുളകിനും ഇൻഷ്വറൻസ് സംരക്ഷണം ലഭിക്കുന്നു. റാബി 2012 സീസണിൽ പാലക്കാട് ജില്ലയിൽ വേനൽക്കാല നെൽക്കൃഷിയ്ക്കും, പാലക്കാട്, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ്, മലപ്പുറം ജില്ലകളിൽ കശുമാവിനും ഇൻഷ്വറൻസ് സംരക്ഷണം ലഭിക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

## കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതിയുടെ വിശദാംശങ്ങൾ

## ഖാരിഫ് -2012

| ക്രമ നം | വിള | ജില്ല | ഇൻഷ്വർ ചെയ്യാവുന്ന പരമാവധി തുക | ആകെ പ്രീമിയം | ആകെ പ്രീമിയത്തിൽ സർക്കാർ നല്കുന്നത് | കൃഷിക്കാരൻ നല്കേണ്ട പ്രീമിയം തുക |
|---|---|---|---|---|---|---|
| 1 | നെല്ല് | പാലക്കാട് | | | | |
| | | ഒരു ഹെക്ടറിന് | 25,000 | 2500 | 1875 | 625 |
| | | ഒരു ഏക്കറിന് | 10,000 | 1000 | 750 | 250 |
| 2. | കുരുമുളക് | ഇടുക്കിയും, വയനാടും | | | | |
| | | ഒരു ഹെക്ടറിന് | 25,000 | 3000 | 1500 | 1500 |
| | | ഒരു ഏക്കറിന് | 10,000 | 1200 | 600 | 600 |

## റാബി -2012

| ക്രമ നം | വിള | ജില്ല | ഇൻഷ്വർ ചെയ്യാവുന്ന പരമാവധി തുക (രൂപ) | ആകെ പ്രീമിയം (രൂപ) | ആകെ പ്രീമിയത്തിൽ സർക്കാർ നല്കുന്നത് (രൂപ) | കൃഷിക്കാരൻ നല്കേണ്ട പ്രീമിയം തുക(രൂപ) |
|---|---|---|---|---|---|---|
| 1 | വേനൽക്കാല നെൽക്കൃഷി | പാലക്കാട് | | | | |
| | | ഒരു ഹെക്ടറിന് | 20,000 | 1600 | 1200 | 400 |
| | | ഒരു ഏക്കറിന് | 8000 | 640 | 480 | 160 |
| 2. | കശുമാവ് | പാലക്കാട്, കോഴിക്കോട്, കണ്ണൂർ കാസർഗോഡ്, മലപ്പുറം | | | | |
| | | ഒരു ഹെക്ടറിന് | 50,000 | 6000 | 3000 | 3000 |
| | | ഒരു ഏക്കറിന് | 20,000 | 2,400 | 1,200 | 1,200 |

സെക്ഷൻ ഓഫീസർ